**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യപൊതുവിതരണ മേഖല ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ പൊതുവിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് വേണ്ടി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | പൊതുവിതരണ സംവിധാനം ശക്തിപ്പെപ്പെടുത്തുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നോൺ പ്രയോറിറ്റി ഇൻസ്റ്റിട്യൂഷൻ (NPI) കാർഡുകൾ അനുവദിച്ച് ഒരു കാർഡിന് പ്രതിമാസം 2 Kg അരി 10.90/-രൂപ നിരക്കിൽ വിതരണം ചെയ്യുന്നത് വഴി ടി വിഭാഗത്തെ ഭക്ഷ്യഭദ്രത പരിധിയിൽ കൊണ്ട് വരുവാൻ സാധിച്ചു.<br><br>സംസ്ഥാനത്തെ മുൻഗണന വിഭാഗത്തിലെ ഉണഭോക്താക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പൊതുവിതരണ സംവിധാനം വഴി ചെറുധാന്യമായ റാഗിയുടെ വിതരണം ആരംഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന റാഗി പൊടിച്ച് പാക്കറ്റ് ആക്കി AAY, PHH വിഭാഗത്തിന് വിതരണം ചെയ്തു വരുന്നു.<br><br>സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. നിലവിൽ 10 ജില്ലകളിലായി 25 താലൂക്കുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് അതിദരിദ്ര കുടുംബങ്ങളിലെ കിടപ്പ് രോഗികൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അതി ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോ റിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഓട്ടോറിക്ഷാ തൊഴിലാളികൾ ഒറ്റക്കും കൂട്ടായും, വിവിധ സംഘടനകളുമായി സഹകരിച്ചും സമൂഹത്തിൽ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും, ഓട്ടോറിക്ഷാ തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി സർക്കാർ തലത്തിൽ പൊതു വിതരണ വകുപ്പ് ഒരു പദ്ധതി നടപ്പിൽ വരുത്തുന്നത് ആദ്യമായാണ്. ഒപ്പം പദ്ധതിയിലൂടെ ഉണഭോക്താക്കൾക്ക് അവരുടെ |

റേഷൻ സാധനങ്ങൾ എല്ലാ മാസവും 10 ന മുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമാർജനം ചെയ്യുക എന്ന ഉദ്ദേശത്തോട്ടുകൂടി വിശപ്പുരഹിത കേരളം പദ്ധതി ആരംഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയും ഉണ്ടായി. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്ത് വിതരണം ചെയ്യുന്നതിന് കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി കരാർ ഉണ്ടാക്കി സർക്കാർ നിർദേശ പ്രകാരം 20/- രൂപയ്ക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. ഇപ്രകാരം പാചകം ചെയ്ത് 20/-രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5/- രൂപ സർക്കാർ സബ്സിഡി ആയി ടി സംഘങ്ങൾക്ക് നൽകുന്നുണ്ട്. ഉച്ചഭക്ഷണത്തിന് പുറമെ മറ്റു വിഭവങ്ങളും ജില്ലാ സുഭിക്ഷ കമ്മിറ്റികൾ നിശ്ചയിക്കുന്ന നിരക്കിൽ വില്പന നടത്തുന്നുണ്ട് ഉച്ചഭക്ഷണത്തിന് മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് പ്രാരംഭ ചെലവ് ഇനത്തിൽ പരമാവധി 10 ലക്ഷം രൂപ വരെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകുന്നു. സുഭിക്ഷ ഹോട്ടലുകളുടെ തുടർ നടത്തിപ്പിനായി വൈദ്യുതി ചാർജ്, വെള്ളക്കരം, കെട്ടിടവാടക (വാടക കെട്ടിടം ലഭ്യമാകാത്ത സാഹചര്യത്തിൽ), മാലിന്യനിർമാർജനം (ആവശ്യമെങ്കിൽ) എന്നിവയ്ക്കുള്ള ധനസഹായവും അനുവദിച്ചു നൽകുന്നു. പ്രതിമാസം ഏകദേശം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകലുകളുടെ പ്രയോജനം ലഭിച്ചു വരുന്നു.

മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ച് റേഷൻ അനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റുന്നുവെന്ന വ്യാപകപരാതി സർക്കാരിൽ ലഭിച്ചതിൽ പ്രകാരം പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും, അപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി ' ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിശോധനാ പരിപാടി പൊതുവിതരണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ഓപ്പറേഷൻ യെല്ലോയുടെ ഭാഗമായി വകുപ്പിന്റെ 24x7 പ്രവർത്തിക്കുന്ന മൊബൈൽ നമ്പറിലും (9188527301) ടോൾഫ്രീ നമ്പറിലും (1967) അനർഹമായി മുൻഗണന കാർഡ് കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ജില്ലാ/ താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ എന്നിവരെ അറിയിക്കുകയും, പരാതികളിൽമേൽ അന്വേഷണം നടത്തി അനർഹരിൽനിന്നും പിഴ ഈടാക്കുന്നതിനും കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതിനുമുള്ള നടപടികളും കൈകൊള്ളുന്നു. കൂടാതെ താലുക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ഫീൽഡ്തല പരിശോധനക്ക് താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നീ

ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ല.

പൊതുജനങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി ഭക്ഷ്യ സുരക്ഷാ ശൃംഖലകളായ PDS , ICDS, MDMS എന്നീ പദ്ധതികൾ പ്രകാരം വിതരണം നടത്തിവരുന്ന അരി മൂന്ന് സൂക്ഷ്മ പോഷകങ്ങളായ അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് റൈസ് ഫോർട്ടിഫിക്കേഷൻ. FCI ൽ നിന്നും ലഭിക്കുന്ന അരി FCI തന്നെ ഫോർട്ടിഫൈ ചെയ്തു നൽകുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന അരി (CMR) സപ്ലൈകോ ഫോർട്ടിഫൈ ചെയ്ത് ലഭ്യമാക്കുന്നു. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾ വഴിയും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ട്.

ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡിലെയും അംഗങ്ങളുടെ ആധാർ നമ്പർ റേഷൻ കാർഡുമായി ലിങ്ക് ചെയ്തു. റേഷൻ കടകളിൽ e-PoS മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം ആരംഭിച്ചതോടെ റേഷൻ ഭക്ഷ്യധാന്യത്തിന്റെ ദുരുപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചു.

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നല്കി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ വ്യാപാരികൾക്ക് ഒരു അധിക വരുമാന മാർഗമാണ് കെ-സ്റ്റോർ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങളും ഉത്പന്നങ്ങളും ലഭ്യമാക്കി വരുന്നു.

1) ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷന്റെ ഉല്പന്നം)

2) വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ / പിന്നോക്ക /പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ

3) മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ

4) IOC യുടെ ചോട്ടു ഗ്യാസ്

5) സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ

6) CSC വഴിയുള്ള സേവനങ്ങൾ

7) 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

(ബി) ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് മാവേലി സ്റ്റോറുകളിലും, റേഷൻ കടകളിലും, കെ സ്റ്റോറുകളിലും എന്തൊക്കെ ക്രമീകരണങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും പ്രധാന ഭക്ഷ്യധാന്യങ്ങൾക്ക് എത്ര സബ്സിഡി ലഭ്യമാക്കുന്നുണ്ടെന്നും അറിയിക്കാമോ?

(ബി) ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് റേഷൻ കടകൾ വഴി ഓരോ വിഭാഗം റേഷൻ കാർഡ് ഉടമകൾക്ക് പ്രതിമാസ കണക്കിൽ റേഷൻ വിതരണം നടത്തി വരുന്നു. പ്രതിമാസം ചുവടെ പറയുന്ന രീതിയിൽ റേഷൻ വിതരണം നടത്തുന്നുണ്ട്:

AAY വിഭാഗത്തിന് 1 കാർഡിന് 35 Kg ഭക്ഷ്യധാന്യം

PHH വിഭാഗത്തിന് 1 അംഗത്തിന് 5 Kg ഭക്ഷ്യധാന്യം

NPS വിഭാഗത്തിന് 1 അംഗത്തിന് 2 Kg ഭക്ഷ്യധാന്യം

NPNS വിഭാഗത്തിന് 1 കാർഡിന് ലഭ്യതക്കനുസരിച്ച് ഭക്ഷ്യധാന്യം

NPI വിഭാഗത്തിന് 1 അംഗത്തിന് 2 Kg ഭക്ഷ്യധാന്യം

സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പനശാലകൾ വഴി താഴെപ്പറയുന്ന 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതുവിപണിയെക്കാൾ ശരാശരി 25% മുതൽ 35 % വരെ വിലക്കുറവിൽ) ലഭ്യമാക്കുന്നുണ്ട്.

| 13 ഇനം സബ്സിഡി സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായപരമാവധി അളവും | | | |
|---|---|---|---|
| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
| 1 | ചെറുപയർ (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ (1 കി. ഗ്രാം) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല (1 കി. ഗ്രാം) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 75 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 115 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം) | 73 | 500ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം) | 39 | 500ഗ്രാം |

| | | | |
|---|---|---|---|
| 8 | പഞ്ചസാര (1 കി. ഗ്രാം) | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ( 1/2 ലിറ്റർ) | 55 | ½ ലിറ്റർ |
| 10 | ജയ അരി (1 കി.ഗ്രാം) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 26 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ് | | | |

കെ സ്റ്റോറുകൾ വഴി ചുവടെ ചേർക്കുന്ന സേവനങ്ങളാണ് നൽകി വരുന്നത്

1) ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷന്റെ ഉല്പന്നം)

2) വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ / പിന്നോക്ക /പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ

3) മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ

4) IOC യുടെ ചോട്ടു ഗ്യാസ്

5) സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ

6) CSC വഴിയുള്ള സേവനങ്ങൾ

7) 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

സെക്ഷൻ ഓഫീസർ